# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2511** **12.06.2018-ൽ മറുപടിക്ക്**

## ഒല്ലൂർ മണ്ഡലത്തിലെ ഓഫീസുകൾ

| | ചോദ്യം<br>ശ്രീ. കെ. രാജൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br>(ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ വിശദാംശ ങ്ങളും ലഭ്യമാക്കുമോ;<br><br>ഇതിൽ എത്ര ഓഫീസുകൾ വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഒല്ലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. യുടെ വിതരണ വിഭാഗത്തിലെ 8 സെക്ഷനോഫീസുകൾ (ഒല്ലൂർ, മരത്താക്കര, പട്ടിക്കാട്, മണ്ണുത്തി, നടത്തറ, പുത്തൂർ, കുർക്കഞ്ചേരി, കുരിയച്ചിറ) പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ പട്ടിക്കാട്, പുത്തൂർ, കുർക്കഞ്ചേരി, കുരിയച്ചിറ എന്നീ 4 സെക്ഷനോഫീസുകളാണ്.<br><br>ഒല്ലൂർ നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയിൽ വൈദ്യുതി വകുപ്പിന്റെ മൂന്ന് ഓഫീസുകളും ജനറേഷൻ വിഭാഗത്തിൽ ഒരു ഓഫീസും പ്രവർത്തിക്കുന്നുണ്ട്. 400 കെ.വി മാടക്കത്തറ സബ്സ്റ്റേഷൻ, 110 കെ.വി ഒല്ലൂർ സബ്സ്റ്റേഷൻ, 33 കെ.വി പുത്തൂർ സബ്സ്റ്റേഷൻ എന്നിവ പ്രസരണ വിഭാഗത്തിലും റീജിയണൽ പവർ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട്" (RPTI) ജനറേഷൻ വിഭാഗത്തിലും പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ ഓഫീസുകളും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (സി) | കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ